# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : വി.എൻ.ജിതേന്ദ്രൻ)

**ഉത്തരവ് നമ്പർ. ഇ7-35323/15** **തീയതി : 6-11-2015.**

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - III/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) ജി.ഒ.(പി) നം. 54/2010/SWD തീയതി. 10/08/2010

(2) ജി.ഒ.(പി) നം. 78/2012/SJD തീയതി. 27/12/2012

(3) 19/03/2012 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ9/46406/11/DSW നമ്പർ നടപടിക്രമങ്ങൾ.

(4) 28.11.2008 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ9/46076/2008 നമ്പർ നടപടിക്രമങ്ങൾ.

(5) 30/04/2012 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ9/26550/11(1) നമ്പർ നടപടിക്രമങ്ങൾ.

(6) 30/04/2012 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ9/26550/11(2) നമ്പർ നടപടിക്രമങ്ങൾ.

സാമൂഹ്യനീതി വകുപ്പിൽ പരാമർശം (1) പ്രകാരം 10/08/2010 തീയതി പ്രാബല്യത്തിൽ വന്ന കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 12 ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിശേഷാൽ ചട്ട ഭേദഗതി ഖണ്ഡിക 2 (b ) (i),(ii) അനുസരിച്ച് 1 : 2 : 1 : 2 എന്ന അനുപാതത്തിൽ <u>ഒന്നാം ഫീഡർ കാറ്റഗറി</u>യായ ലിറ്ററസി ടീച്ചർ ഗ്രേഡ് II, നഴ്സറി ടീച്ചർ, സീനിയർ ഇൻസ്ട്രക്ടർ വി.ടി.സി., ഫിസിക്കൽ ട്രെയിനിംഗ് ഇൻസ്ട്രക്ടർ/ ഡ്രിൽ ഇൻസ്ട്രക്ടർ, മ്യൂസിക് ടീച്ചർ, അഗ്രിക്കൾച്ചർ ഇൻസ്ട്രക്ടർ, കാർപ്പെൻഡറി ഇൻസ്ട്രക്ടർ, വീവിംഗ് ഇൻസ്ട്രക്ടർ, ഡാൻസ് മാസ്റ്റർ <u>രണ്ടാം ഫീഡർ കാറ്റഗറി</u>യായ യു. ഡി. ക്ലാർക്ക് <u>മൂന്നാം ഫീഡർ കാറ്റഗറി</u>യായ ടെയ്‌ലറിംഗ് ഇൻസ്ട്രക്ടർ /നീഡിൽ വർക്ക് ടീച്ചർ/ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ/ മേട്രൻ ഗ്രേഡ് I/ ക്രാഫ്റ്റ് ടീച്ചർ/ ഇൻസ്ട്രക്ടർ ലതർ വർക്ക്സ് etc. <u>നാലാം ഫീഡർ കാറ്റഗറി</u>യായ കെയർടേക്കർ (മെയിൽ), കെയർടേക്കർ (ഫീമെയിൽ) എന്നീ തസ്തികകൾക്കായി ഉദ്യോഗക്കയറ്റം നിജപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ആകെയുള്ള 36 ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിൽ ഒന്നാം ഫീഡർ കാറ്റഗറിയ്ക്ക് 6 ഉം രണ്ടാം ഫീഡർ കാറ്റഗറിയ്ക്ക് 12 ഉം മൂന്നാം



GOVERNMENT OF KERALA

ഫീഡർ കാറ്റഗറിയ്ക്ക് 6 ഉം നാലാം ഫീഡർ കാറ്റഗറിയ്ക്ക് 12 ഉം ആണ് കേഡർ സ്ട്രെങ്ത്. നിലവിൽ ഒന്നാം വിഭാഗത്തിൽ നിന്നും നാലു ജീവനക്കാരും രണ്ടാം വിഭാഗത്തിൽ നിന്നും ജീവനക്കാരാരും ഇല്ലാത്തതും മൂന്നാം വിഭാഗത്തിൽ നിന്നും 5 ജീവനക്കാരും നാലാം വിഭാഗത്തിൽ നിന്നും 10 ജീവനക്കാരും ഉദ്യോഗക്കയറ്റം മുഖേനെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്ത് വരുന്നുണ്ട്. ഇത് സംബന്ധിച്ച് വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ഫീഡർ കാറ്റഗറി | ഫീഡർ കാറ്റഗറിയുടെ പേര് | കേഡർ സ്ടെങ്ത് | നിലവിലെ സ്ഥിതി | ഒഴിവുകൾ | അഭിപ്രായം |
|---|---|---|---|---|---|
| 1 | ലിറ്ററസി ടീച്ചർ ഗ്രേഡ് II, നഴ്സറി ടീച്ചർ, സീനിയർ ഇൻസ്ട്രക്ടർ വി.ടി.സി., ഫിസിക്കൽ ട്രെയിനിംഗ് ഇൻസ്ട്രക്ടർ/ ഡ്രിൽ ഇൻസ്ട്രക്ടർ, മ്യൂസിക് ടീച്ചർ, അഗ്രിക്കൾച്ചർ ഇൻസ്ട്രക്ടർ, കാർപ്പെൻഡറി ഇൻസ്ട്രക്ടർ, വീവിംഗ് ഇൻസ്ട്രക്ടർ, ഡാൻസ് മാസ്റ്റർ | 6 | 4 | 2 | |
| 2 | യു. ഡി. ക്ലാർക്ക് | 12 | 0 | 12 | |
| 3 | ടെയ്‌ലറിംഗ് ഇൻസ്ട്രക്ടർ, ക്രാഫ്റ്റ് ഇൻസ്ട്രക്ടർ, മേട്രൻ ഗ്രേഡ് I, ഇൻസ്ട്രക്ടർ ലതർ വർക്ക്സ് തുടങ്ങിയവ | 6 | 5 | 1 | |
| 4 | കെയർടേക്കർ (മെയിൽ), കെയർടേക്കർ (ഫീമെയിൽ) | 12 | 10 | 2 | |
| | ആകെ | 36 | 19 | 17 | |

(2) ഒന്നാം ഫീഡർ കാറ്റഗറിയിൽ വരുന്ന തസ്തികകളുടെ സംയുക്തസീനിയോരിറ്റി ലിസ്റ്റ് പരാമർശം (3) ലെ അനുബന്ധം -11 പ്രകാരവും രണ്ടാം ഫീഡർ കാറ്റഗറിയായ യു. ഡി. ക്ലാർക്ക് തസ്തികയുടെ സീനിയോരിറ്റി ലിസ്റ്റ് പരാമർശം (4) പ്രകാരവും മൂന്നാം ഫീഡർ കാറ്റഗറിയിൽ വരുന്ന തസ്തികകളുടെ സംയുക്ത സീനിയോരിറ്റി ലിസ്റ്റ് പരാമർശം (3) ലെ അനുബന്ധം -12 പ്രകാരവും നാലാം ഫീഡർ കാറ്റഗറിയിൽ വരുന്ന തസ്തികകളുടെ സീനിയോരിറ്റി ലിസ്റ്റ് പരാമർശം (5), (6) പ്രകാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരാമർശം (3) ലെ അനുബന്ധം -11 പ്രകാരമുള്ള ഒന്നാം ഫീഡർ കാറ്റഗറിയിൽ വരുന്ന തസ്തികകളുടെ സംയുക്തസീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ പേർക്കും



GOVERNMENT OF KERALA

ഉദ്യോഗക്കയറ്റം ലഭിച്ചുകഴിഞ്ഞതിനാൽ ഈ വിഭാഗത്തിന്റെ കേഡർ സ്ട്രെങ്ത്തിൽ നിലവിലുള്ള ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകാൻ ജീവനക്കാരില്ല. രണ്ടാം ഫീഡർ കാറ്റഗറിയായ യു. ഡി. ക്ലാർക്ക് തസ്തികയുടെ സീനിയോരിറ്റി ലിസ്റ്റിൽ നിന്ന് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിന്, ടി വിഭാഗത്തിൽ നിന്ന് ഓപ്ഷൻ ക്ഷണിച്ച് യോഗ്യരായ ജീവനക്കാരെ കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ഈ വിഭാഗത്തിന്റെ കേഡർ സ്ട്രെങ്ത്തിൽ നിലവിലുള്ള ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകാൻ കഴിയില്ല. ഈ സാഹചര്യത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളുടെ 3,4 ഫീഡർ കാറ്റഗറികളിൽ നിലവിലുള്ള ഒഴിവുകളിൽ ടി വിഭാഗങ്ങളുടെ സീനിയോരിറ്റി ലിസ്റ്റുകളിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്. ഫീഡർ കാറ്റഗറി-2ലെ ജീവനക്കാർക്ക് ഇപ്പോൾ ഉദ്യോഗക്കയറ്റം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ഫീഡർ കാറ്റഗറി 3, 4 എന്നിവയിൽപ്പെടുന്ന ചുവടെ ചേർത്തിട്ടുള്ള ജീവനക്കാർക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം അനുവദിക്കാവുന്നതാണ്.

| ക്രമ നമ്പർ | ജീവനക്കാരൻ/ ജീവനക്കാരിയുടെ പേര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|
| 1 | ശ്രീമതി. എം. ജമീല (കെയർടേക്കർ(ഫീമെയിൽ) (ഫീഡർ കാറ്റഗറി -4) | 8(ഇ9/26550/11(2) തീയതി. 30/04/2012) |
| 2 | ശ്രീമതി. എസ്. സജിത - ടെയ്‌ലറിംഗ് ഇൻസ്ട്രക്ടർ. (ഫീഡർ കാറ്റഗറി - 3) | 7 (ഇ9/46406/11/DSW തീയതി. 30/04/2012) |
| 2 | ശ്രീ. എസ് ഷാജഹാൻ കെയർടേക്കർ(മെയിൽ)) (ഫീഡർ കാറ്റഗറി - 4) | 9(ഇ9/26550/11(1) തീയതി. 19/03/2012) |

(3) ഈ സാഹചര്യത്തിൽ മുകളിൽ പട്ടികയിൽ കാണിച്ചിട്ടുള്ള 3,5,6 പരാമർശിത സീനിയോരിറ്റി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള മൂന്ന് പേർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ KS & SSR ചട്ടം 31 (എ) (i) പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ 14620 - 25280 രൂപ ശമ്പളസ്കെയിലിൽ താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു



GOVERNMENT OF KERALA

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയവും | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം/ ചുമതല ക്രമീകരണം |
|---|---|---|---|
| 1 | ശ്രീമതി. എം. ജമീല, (കെയർടേക്കർ(ഫീമെയിൽ) ചിൽഡ്രൻസ് ഹോം, കോട്ടയം. | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ, ചിൽഡ്രൻസ് ഹോം, തൃശൂർ. | |
| 2 | ശ്രീമതി. ശ്രീമതി. എസ്. സജിത ടെയ്‌ലറിംഗ് ഇൻസ്ട്രക്ടർ, ചിൽഡ്രൻസ് ഹോം, കൊല്ലം. | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III മഹിളാമന്ദിരം, എറണാകുളം. | |
| 3 | ശ്രീ. എസ് ഷാജഹാൻ കെയർടേക്കർ(മെയിൽ) ചിൽഡ്രൻസ് ഹോം, കൊല്ലം. | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ, ചിൽഡ്രൻസ് ഹോം, നൂറനാട്, ആലപ്പുഴ. | |

(4) മേൽപരാമർശിച്ച പ്രകാരം ഉദ്യോഗക്കയറ്റം നൽകുമ്പോൾ 2012 ലെ കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് ഭേദഗതി ചട്ടം 2 (b ) i ,ii പ്രകാരം കാറ്റഗറി 12 ലെ ഓരോ വിഭാഗത്തിലെയും കേഡർ സ്ട്രെങ്ത്, നിലവിലുള്ള ജീവനക്കാർ, നിലവിലുള്ള ഒഴിവുകൾ എന്നിവ അടങ്ങുന്ന വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ഫീഡർ കാറ്റഗറി | ഫീഡർ കാറ്റഗറിയുടെ പേര് | കേഡർ സ്ടെങ്ത് | നിലവിലെ സ്ഥിതി | ഒഴിവുകൾ | അഭിപ്രായം |
|---|---|---|---|---|---|
| 1 | ലിറ്ററസി ടീച്ചർ ഗ്രേഡ് II, നഴ്സറി ടീച്ചർ, സീനിയർ ഇൻസ്ട്രക്ടർ വി.ടി.സി., ഫിസിക്കൽ ട്രെയിനിംഗ് ഇൻസ്ട്രക്ടർ/ ഡ്രിൽ ഇൻസ്ട്രക്ടർ, മ്യൂസിക് ടീച്ചർ, അഗ്രിക്കൾച്ചർ ഇൻസ്ട്രക്ടർ, കാർപ്പെൻഡറി ഇൻസ്ട്രക്ടർ, വീവിംഗ് ഇൻസ്ട്രക്ടർ, ഡാൻസ് മാസ്റ്റർ | 6 | 4 | 2 | |



GOVERNMENT OF KERALA

| | | | | | |
|---|---|---|---|---|---|
| 2 | യു. ഡി. ക്ലാർക്ക് | 12 | 0 | 12 | |
| 3 | ടെയ്‌ലറിംഗ് ഇൻസ്ട്രക്ടർ, ക്രാഫ്റ്റ് ഇൻസ്ട്രക്ടർ, മേട്രൻ ഗ്രേഡ് ക, ഇൻസ്ട്രക്ടർ ലതർ വർക്ക്സ് തുടങ്ങിയവ | 6 | 6 | 0 | |
| 4 | കെയർടേക്കർ (മെയിൽ), കെയർടേക്കർ (ഫീമെയിൽ) | 12 | 12 | 0 | |
| | ആകെ | 36 | 22 | 14 | |

(5) ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരനെ/ജീവനക്കാരിയെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ടിയാളുകൾ ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയിൽ ജോലിയിൽ പ്രവേശിച്ച്, വിടുതൽ/പ്രവേശനം എന്നിവ യഥാസമയം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാരന് നിയമാനുസൃത യാത്രാബത്തയ്ക്കും പ്രവേശന കാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:- (1) ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്.
(2) എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
(3) എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
(4) സാമൂഹ്യനീതി ഡയറക്ടറുടെ സി. എ. യ്ക്ക്
(5) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ് ഓഫീസർ/ ലോ ഓഫീസർ.
(6) ഇ1 മുതൽ ഇ13 സീറ്റ് വരെ/എ. സെക്ഷൻ/ബിൽ സെക്ഷൻ/IT സെക്ഷൻ.
(8) സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

DB/2015